**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4763** **01-11-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാറശ്ശാല നിയോജകമണ്ഡലത്തിലെ റോഡുകളുടെ വിവരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളിൽ ഗതാഗത യോഗ്യമല്ലാത്തതും പൊട്ടിപ്പൊളിഞ്ഞതും അടിയന്തരമായി നവീകരിക്കേണ്ടതുമായ റോഡുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | പാറശാല മണ്ഡലത്തിലെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിലുള്ള റോഡുകൾ നവീകരിക്കുന്നതിനു വേണ്ട തുക ഉൾപ്പെടെയുള്ള പട്ടിക മുൻഗണനാക്രമത്തിൽ തയ്യാറാക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. ദേശീയ പാതാ വിഭാഗത്തിന് കീഴിൽ പാറശാല മണ്ഡലത്തിലെ ഉദിയൻകുളങ്ങര മുതൽ കളിയിക്കാവിള വരെയുള്ള ദേശീയപാതയിലെ എല്ലാകുഴികളും രണ്ടുതവണ പൂർണ്ണമായും അടച്ച് റോഡ് ഗതാഗതയോഗ്യമാക്കിയിരുന്നു. എന്നാൽ തുടർച്ചയായ മഴയിൽ റോഡ് വീണ്ടും പൊളിയുന്ന അവസ്ഥയാണ് നിലവിലുള്ളത്. |
| (ബി) | മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിലുള്ള കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; പ്രസ്തുത നടപടിയുടെ പുരോഗതി അറിയിക്കാമോ; കൈയേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരത്തു വിഭാഗത്തിന് കീഴിൽ നിന്ന് പ്രാരംഭ നടപടിയായി 63 ഓളം കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന് കീഴിൽ ബന്ധപ്പെട്ട കക്ഷികൾക്ക് ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് 1999 പ്രകാരം നോട്ടീസ് നൽകി ആയത് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ